കുത്തുകയും നടത്തുകയും, അക്ഷരാഭ്യാസമില്ലാത്തവർക്ക് ട്യൂഷൻ കൊടുക്കുകയും മറ്റുമാണ്.

(ഡി) അധഃകൃതഡിപ്പാർട്ടുമെണ്ടിൽ ഉണ്ടാകുന്ന ഒഴിവുകളിൽ പ്രാപ്തിയും യോഗ്യതയും ഉള്ള അധഃകൃതസ്ഥാനാർത്ഥികളെ കഴിയുന്നതും നിയമിക്കുന്നതാണ്.

മിസ്റ്റർ വി. എസ്സ്. കൃഷ്ണൻവൈദ്യർ.— കാളനി വാർഡന്മാരായി ഇതിനുമുമ്പ് വിദ്യാഭ്യാസം ഇല്ലാത്തവർ ഉണ്ടായിരുന്നുവോ?

മിസ്റ്റർ എം. പി. ചെറിയാൻ.— ഉണ്ടായിരിക്കാൻ വഴിയില്ല.

മിസ്റ്റർ വി. എസ്സ്. കൃഷ്ണൻവൈദ്യർ.— ഇതിൽ പറഞ്ഞിരിക്കുന്ന വാർഡന്മാരായി കൂടുതൽ വിദ്യാഭ്യാസമുള്ളവരെ അധഃകൃതവകുപ്പിൽനിന്നും തന്നെ നിയമിക്കുന്നതിനു ഗവമ്മെണ്ടിനു ഭയവുണ്ടാകുമോ?

മിസ്റ്റർ എം. പി. ചെറിയാൻ.— വിരോധമില്ല.

Houses in Anandapuram Colony—repairs to.

9. മിസ്റ്റർ വി. എസ്സ്. കൃഷ്ണൻവൈദ്യർ.— താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു ദയവായി മറുപടി പറയുമോ:—

(എ) ഫ ഫ ഠ ൻ; ഫ ഫ ഫ ഠ, ഫ ഫ ഫ ഫ. ഈ കൊല്ലങ്ങളിളിൽ കോളനികൾ പണിതുകൊടുക്കുന്നതിനു എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഈ അപേക്ഷകളിൽ പണമില്ലെന്നു പറഞ്ഞു മടക്കി അയച്ച അപേക്ഷകൾ എത്ര;

(ബി) ആനന്ദപുരം കോളനിയിൽ ൧൦൦ ഉറ്റുപ്പിക ചിലവാക്കി പണിതു കൊടുത്തിട്ടുള്ള പുരകൾ കേടുവന്നു കിടക്കുന്നതെത്ര;

(സി) ആ വിവരം അവിടെ ആരെങ്കിലും വന്നു പറയുകയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉടനെ പണി കഴിച്ചു കൊടുക്കുവാൻ ഗവമ്മെണ്ടിനു ഭയവുണ്ടാകുമോ?

മിസ്റ്റർ എം. പി. ചെറിയാൻ.—(എ) ഫ ഫ ഠ ൻ, ഫ ഫ ഫ ഠ, ഫ ഫ ഫ ഫ ഈ കൊല്ലങ്ങളിൽ എല്ലാ താലൂക്കുകളിലും പുറമ്പോക്കു സ്ഥലത്തു കോളനികൾ സ്ഥാപിച്ചുകൊടുത്തിട്ടുണ്ട്. പുറമ്പോക്കു സ്ഥലം ഇല്ലാത്ത ദിക്കുകളിൽ പണം ഉണ്ടാകുമ്പോൾ സ്ഥലം അകപയർ ചെയ്തു കോളനി സ്ഥാപിച്ചു കൊടുക്കുന്നതാണെന്നു മറുപടി കൊടുത്തിട്ടുണ്ട്. അപേക്ഷകളുടെ എണ്ണം ക്ലിപ്തമായി പറയുവാൻ പ്രയാസമാണ്.

(ബി) ആനന്ദപുരം കോളനിയിൽ വാർഡന്റെ ആഫീസു കെട്ടിടത്തിന്റെ ചില ഓട്ടകൾ ശക്തിയായ കാറ്റുകൊണ്ടു വീണുപോയതായി അറിവു കിട്ടിയിട്ടുണ്ട്.

(സി) ഉണ്ട്. അതിന്റെ കേട് കഴിയുന്നവേഗത്തിൽ തീർക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.— ആനന്ദപുരം കാളനിയിൽ വാർഡന്മണ്ടോ?

മിസ്റ്റർ എം. പി. ചെറിയാൻ.— ഉണ്ടാകാതിരിക്കയില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.— Appendix 2-ൽ ആനന്ദപുരം കാളനിയിൽ വാർഡൻ ഉള്ളതായി കാണ്മാനില്ല.

മിസ്റ്റർ എം. പി. ചെറിയാൻ.— ഇപ്പോൾ ഇല്ലായിരിക്കാം.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.— പിന്നെ എന്തിനാണ് അവിടെ വാർഡന്മവേണ്ടി കെട്ടിടം ഉണ്ടാക്കിയിരിക്കുന്നതെന്ന മനസ്സിലാകുന്നില്ല.

മിസ്റ്റർ എം. പി. ചെറിയാൻ.— വാർഡൻ ഇല്ലാത്ത കാളനിയിൽ വാർഡന്മാരെ വയ്ക്കുന്നുണ്ട്. തല്ക്കാലം അവിടെ ആളില്ലായിരിക്കാം.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.— വാർഡൻ വരുമ്പോൾ താമസിക്കുവാൻവേണ്ടി കെട്ടിടം ഉണ്ടാക്കിയതായിരിക്കാം; അല്ലേ?

മിസ്റ്റർ എം. പി. ചെറിയാൻ.— മുമ്പ് അവിടെ വാർഡൻ ഉണ്ടായിരുന്നിരിക്കണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— ഓരോ കാളനികളിലും ഓരോ വാർഡനെ നിയമിക്കാമോ?

മിസ്റ്റർ എം. പി. ചെറിയാൻ.— ഈ ലിസ്റ്റിൽ പറഞ്ഞിട്ടുള്ള കാളനികളിലെല്ലാം വാർഡന്മാരുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— കാളനികൾ ഗ്രൂപ്പുചെയ്ത വാർഡന്മാരെ നിയമിച്ചിട്ടുണ്ടോ?

മിസ്റ്റർ എം. പി. ചെറിയാൻ.— ഉണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— ആനന്ദപുരം കാളനി അങ്ങനെയുള്ള ഗ്രൂപ്പിൽപെട്ടതാണോ?

മിസ്റ്റർ എം. പി. ചെറിയാൻ.— ആയിരിക്കാം.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.— ആനന്ദപുരം കാളനിയിൽ ആളുകൾ വല്ലവരും താമസിച്ചിട്ടുണ്ടോ?

മിസ്റ്റർ എം. പി. ചെറിയാൻ.— കാളനികൾ എല്ലാം ആളുകൾ താമസിക്കുവാൻവേണ്ടി ഉണ്ടാക്കീട്ടുള്ളതാണ്. ആളുകൾ താമസിക്കുന്നുണ്ടെന്നാണ് വിചാരിക്കേണ്ടത്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.— ഞാൻ ഒരു ആണററി വിസിറററാണ്. ഒരു ദിവസം ഞാൻ അവിടെ ചെന്നപ്പോൾ ആരേയും കണ്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. പി. ചെറിയാൻ.— അവർ വല്ല ജോലിക്കും പോയിരിക്കാം.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— ഇതിൽ അപേക്ഷകളുടെ എണ്ണം പറഞ്ഞിട്ടില്ല. അതു് എന്തുകൊണ്ടാണെന്നു പറയാമോ?

മിസ്റ്റർ എം. പി. ചെറിയാൻ.— മൂന്നു നാലു റിക്കാർട്ടുകളും നോക്കണം, വളരെ ബുദ്ധിമുട്ടുണ്ടു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— എണ്ണം ചോദിച്ചാൽ മറുപടി പറയണ്ടേ?

മിസ്റ്റർ എം. പി. ചെറിയാൻ.— തക്കതായ കാരണം കാണാത്തതുകൊണ്ടു് അതു പ്രത്യേകിച്ചു പറയേണ്ട ആവശ്യമില്ല.

മിസ്റ്റർ വി. എസ്സ്. കൃഷ്ണൻവൈദ്യർ.— ഈ വാർഡന്മാർ കാളനികളിൽ പോകാറുണ്ടോ?

മിസ്റ്റർ എം. പി. ചെറിയാൻ.— അവർ കാളനികളിലാണു താമസിച്ചുവരുന്നതു്.

മിസ്റ്റർ വി. കെ. കുട്ടി.— ഈ മറുപടിയിൽ എനിക്കു് ഒരു സംശയം തോന്നുന്നുണ്ടു്. എത്ര അപേക്ഷകളാണു വന്നിട്ടുണ്ടെന്നു പറയുവാൻ നിവൃത്തിയില്ലെന്നാണു മറുപടി. ഈ ഒരു കാര്യത്തിനുമാത്രം ഗവമ്മെണ്ടിനു കഴിയാതെപോയതു് എന്താണു്?

മിസ്റ്റർ എം. പി. ചെറിയാൻ.— ഇതിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതലായി ഒന്നും പറയുവാനില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— ഇതിന്റെ മൂലഹോദ്യത്തിനു മറുപടി പറഞ്ഞിട്ടില്ല.

മിസ്റ്റർ വി. എസ്സ്. കൃഷ്ണൻവൈദ്യർ.— വളരെ അപേക്ഷകളും ഉള്ളതായി എനിക്കറിയാം. അതൊന്നും ഈ മറുപടിയിൽ കൊടുത്തിട്ടില്ല. പുറമ്പോക്കു സ്ഥലങ്ങളിൽ പുര വച്ചിട്ടുള്ളവരുമുണ്ടു്; ചിലരെല്ലാം പുര പൊളിച്ചുകൊണ്ടു പോയിട്ടുമുണ്ടു്.

മിസ്റ്റർ എം. പി. ചെറിയാൻ.— പുറമ്പോക്കു സ്ഥലങ്ങളിൽ അനുവാദംകൂടാതെ പുരവയ്ക്കുന്നവരാണു പൊളിച്ചുകൊണ്ടുപോകുന്നതു്.

മിസ്റ്റർ വി. എസ്സ്. കൃഷ്ണൻവൈദ്യർ.— അതു ഗവമ്മെണ്ടിന്റെ തെറ്റല്ല, അധഃകൃതസംരക്ഷകന്റെ തെറ്റാണു്.

Road works—Maradu and Punithura Panchayats.

10. Mr. A. Narayana Menon.— Will the Government be pleased to state.—

LIBRARY ARCHIVES Kerala Legislative Assembly